(സി) ഓരോ ജില്ലയിലെയും ഹെക്ടർ തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്.

തിരുവനന്തപുരം	2535	ഹെക്ടർ
കൊല്ലം	3023	,,
പത്തനംതിട്ട	333	,,
തൃശ്ശൂർ	1039	,,

മറ്റു ജില്ലകളിൽ ക്ലിയർഫെല്ലിംഗ് നടത്തിയിട്ടില്ല.

(ഡി) ഇതിൽനിന്നും കോർപ്പറേഷന് പ്രത്യേക വരുമാനം ഉണ്ടായിട്ടില്ല. ചിലവുകഴിക്കായി മൊത്തം വരുമാനത്തിന്റെ അഞ്ചു ശതമാനമായ 59,63,565.60 രൂപ നൽകിയിട്ടുണ്ട്.

(ഇ) ക്ലിയർഫെല്ലിംഗ് നടത്തിയ വനഭൂമിയിൽ മുഴുവൻ തന്നെ വനവൽക്കരണം നടത്തി.

(എഫ്) യൂക്കാലിപ്റസ്, തേക്ക്, അൽബീസിയ, മക്കി, സുവാസൂം എന്നീ വൃക്ഷത്തൈകളാണ് ഉപയോഗിച്ചത്.

(ജി) വനവൽക്കരണം നടത്തിയ ഭൂമി ഇപ്പോഴും ഒന്നുംതന്നെ തരിശായി കിടപ്പില്ല.

കായികതാരങ്ങൾക്ക് പ്രോൽസാഹനം

864 [1870] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്പോർട്സിലും ഗയിംസിലും അഭിരുചിയുള്ളവർക്ക് പരിശീലനം ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾതോറും മിനിസ്റേഡിയങ്ങളും താലൂക്കുകളിൽ വലിയ സ്റേഡിയങ്ങളും നിർമ്മിക്കുന്നതിനും സ്പോർട്സ് സ്കൂളുകളും ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളും കൂടുതലായി തുടങ്ങുന്നതിനും ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുമോ ?

ഉത്തരം

സ്പോർട്സിലും ഗയിംസിലും അഭിരുചിയുള്ളവർക്ക് പരിശീലനം ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾതോറും മിനിസ്റേഡിയം നിർമ്മിക്കുന്നതിനും താലൂക്കുകളിൽ വലിയ സ്റേഡിയം നിർമ്മിക്കുന്നതിനും കേരളാ ഗവൺമെന്റും ഇൻഡ്യാ ഗവൺമെന്റും സാമ്പത്തികസഹായം നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ള സ്ഥാപനങ്ങൾക്ക് സാമ്പത്തികസഹായം നൽകിവരുന്നുണ്ട്. സ്പോർട്സ് സ്കൂളുകൾ, ഡി. പി. ഐ. യുടെ കീഴിലും, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ കൊളീജിയറേ എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലും ആണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളിലെ കായികരംഗത്തെ പ്രവർത്തനങ്ങൾക്കുവേണ്ട സഹായസഹകരണങ്ങൾ സ്പോർട്സ് കൗൺസിൽ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly